പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2602 — 18.08.2017 ൽ മറുപടിക്ക്

## റയിൽവേ വികസനത്തിന് പുതിയ കോർപ്പറേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അനിൽ അക്കര<br>,, അൻവർ സാദത്ത് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റയിൽവേ വികസനത്തിന് പുതിയ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് റെയിൽവേ വികസനത്തിനായി തിരുവനന്തപുരം ആസ്ഥാനമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ 2017 ജനുവരി 3 ന് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) കേരളത്തിന് അനുയോജ്യമായ റെയിൽ പദ്ധതികൾ തെരഞ്ഞെടുത്ത് നടത്തുന്നതിനായി കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി തിരുവനന്തപുരം ആസ്ഥാനമായി 2017 ജനുവരി 3-ാം തീയതി രജിസ്റ്റർ ചെയ്തു. സംയുക്ത സംരംഭക കമ്പനിയുടെ നിർദ്ദേശിക്കപ്പെട്ട നിക്ഷേപാനുപാതം 51:49 അതായത് കേരള സർക്കാർ 51% വും റെയിൽവേ മന്ത്രാലയം 49 % വുമാകുന്നു. ഇതിലുപരിയായി വരുന്ന ധനസമാഹരണം സംയുക്ത സംരംഭക കമ്പനി സ്വദേശി/വിദേശി ബാങ്കുകളിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ കണ്ടെത്തും. സംസ്ഥാനത്തെ റയിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിലേക്കായി കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സംയുക്ത സംരംഭ കമ്പനി (ജോയിന്റ് വെഞ്ചർ കമ്പനി-JVC) പദ്ധതി അധിഷ്ഠിത SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിക്കും. SPV യുടെ 26% ഇക്വിറ്റി ഷെയർ ക്യാപിറ്റൽ കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന JVC യുടെ വകയായിരിക്കും. പദ്ധതി അധിഷ്ഠിത SPV യുടെ സ്റ്റേക്ക് ഹോൾഡേഴ്സിനും പങ്കാളിത്തം അനുവദിക്കും. കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേക്കുള്ള നടപടികൾ കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഇതിനോടകം തന്നെ ആരംഭിച്ചു കഴിഞ്ഞു. |

| | | |
|---|---|---|
| (സി) | റെയിൽവേ വികസനത്തിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ നടത്തിയതെന്ന് വിശദമാക്കുമോ? | (സി) സംസ്ഥാനത്തെ റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതായി താഴെ പറയുന്ന പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിന് യുക്തമായ നടപടികൾ കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സ്വീകരിച്ചു വരുന്നു |

**ഒന്നാം ഘട്ടം**

1. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)
2. തലശ്ശേരി-മൈസൂർ റെയിൽവേ പാത
3. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുന:പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി
4. കൊച്ചി വിമാനത്താവളത്തിലേക്ക് ത്രികോണ റെയിൽ ലൈൻ വലിച്ച് യാത്രക്കാരുടെ സൗകര്യത്തിനായി റെയിൽവേ സ്റ്റേഷനും കണ്ടെയ്നർ ചരക്ക് നീക്കത്തിനായി ടെർമിനലും സ്ഥാപിക്കൽ
5. വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖം തിരുവനന്തപുരം - കന്യാകുമാരി ലൈൻ ബന്ധിപ്പിക്കുന്ന വിഴിഞ്ഞം - ബാലരാമപുരം പുതിയ ബ്രോഡ് ഗേജ് ലൈൻ

**രണ്ടാം ഘട്ടം**

1. എരുമേലി-പുനലൂർ-നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.
2. ഏറ്റുമാനൂർ-ശബരി ലിങ്ക് ലൈൻ-നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

**മൂന്നാം ഘട്ടം**

നിലമ്പൂർ-നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ സ്റ്റേഷനെ കർണാടക സംസ്ഥാനത്തിലെ നഞ്ചൻകോട് റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

അണ്ടർ സെക്രട്ടറി